ഉത്തരം

വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ ബ്ളോക്ക് ജംഗ്ഷനിൽ ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസുകൾക്ക് ബസ് സ്റ്റോപ്പ് നിലവിലുണ്ട്. തൃശ്ശൂർ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി ബസ് സർവ്വീസുകൾക്ക് പ്രസ്തുത സ്ഥലത്തേക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടില്ല. ബ്ളോക്ക് ജംഗ്ഷന് ഇരുവശത്തുമുള്ള ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി ബസ്സ്റ്റോപ്പുകൾ തമ്മിൽ 500 മീറ്ററും ഒരു കിലോമീറ്ററും അകലമേ ഉള്ളൂ. ഇക്കാരണത്താൽ ഈ സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

ആലത്തൂർ മണ്ഡലത്തിലെ വിദ്യാർത്ഥികളുടെ ബസ് യാത്രാക്ലേശം പരിഹരിക്കാൻ നടപടി

62 [1387] *ശ്രീ. വി. ചെന്താമരാക്ഷൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ വിദ്യാർത്ഥികളുടെ ബസ് യാത്രയുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളെ കയറ്റിക്കൊണ്ടുപോകുന്നതിന് ബസ്സുകൾ പലപ്പോഴും സ്റ്റേഷനിൽ നിറുത്താറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആലത്തൂർ സ്റ്റാന്റ്, ടൗൺ, ഗുരുകുലം, എരിമയൂർ, കാവശ്ശേരി, ഇരട്ടക്കുളം, കുന്നിശ്ശേരി എന്നീ സ്റ്റോപ്പുകളിൽനിന്നും വിദ്യാർത്ഥികളെ ബസ്സുകളിൽ കയറ്റാത്ത സ്ഥിതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ മണ്ഡലം ദേശസാൽകൃത മേഖലയല്ല. പ്രൈവറ്റ് ബസ്സുകളാണ് ഇവിടത്തെ ബഹുഭൂരിപക്ഷം റൂട്ടുകളും ഓപ്പറേറ്റ് ചെയ്യുന്നത്. ടൗൺ ടു ടൗൺ സർവ്വീസുകളും ദീർഘദൂര സർവ്വീസുകളും മാത്രമാണ് കെ. എസ്. ആർ. ടി. സി. ഈ മേഖലയിൽ സർവ്വീസ് നടത്തുന്നത്.

(ബി) ഇല്ല.

(സി) പാലക്കാട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കോഴിക്കോട്നിന്നും ബാംഗ്ളൂരിലേക്കും മൈസൂരിലേക്കും കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ്

63 [1388] *ശ്രീ. എ. സി. ഷൺമുഖദാസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly